

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തെക്കുംകര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി13) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
1533/2024 ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/12/2024
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2023–2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി13) തീയ്യതി: 12/12/2024
1533/2024

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-08-2023 മുതൽ 22-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റെഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	23-10-2024	30-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-10-2024	30-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ജയകൃഷ്ണൻ എസ്., ഓഡിറ്റ് ഓഫീസർ

ഷറഫുദ്ദീൻ എസ്. എച്ച്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കന്തസ്വാമി ഐ., സീനിയർ ഗ്രേഡ് ഓഡിറ്റർ
രമ്യ കെ. കെ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ടി.വി.സുനിൽകുമാർ	പ്രസിഡന്റ്	01-04-2023	31-03-2024
ഡോ.ബിന്ദു.ടി.എൻ.	സെക്രട്ടറി	01-04-2023	16-03-2024
ഷീബ.വി.ആർ	സെക്രട്ടറി-ഇൻ-ചാർജ്ജ്	17-03-2024	24-03-2024
ഡേവിസ് എം.ഒ	സെക്രട്ടറി-ഇൻ-ചാർജ്ജ്	25-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ജിൻസി ജോസഫ്	കൃഷി ഓഫീസർ	01-04-2023	26-11-2023
അർച്ചന വിശ്വനാഥ്	കൃഷി ഓഫീസർ	27-11-2023	31-03-2024
നിഖിൽ രാജ്.സി.എൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	12-07-2023
സജ്ന അലോഷ്യസ്	അസിസ്റ്റന്റ് എഞ്ചിനീയർ	13-07-2023	24-07-2023
പ്രവിത.കെ.ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	25-07-2023	31-03-2024
ഡോ.രമ്യ.എസ്.പിള്ള	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ഡോ.ഫ്രാങ്കോ ജെയിംസ്	മെഡിക്കൽ ഓഫീസർ,ആയുർവേദം	01-04-2023	14-09-2023
ഡോ.പ്രീതി.കെ.രാമകൃഷ്ണൻ	മെഡിക്കൽ ഓഫീസർ,ആയുർവേദം	15-09-2023	31-03-2024
ഡോ.അനീഷ് രാജ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ജിഷ.ആർ.എം	വി.ഇ.ഒ, കല്ലംപാറ സർക്കിൾ	01-04-2023	15-07-2023
പ്രീത.കെ	വി.ഇ.ഒ, കല്ലംപാറ സർക്കിൾ	16-07-2023	31-03-2024
പ്രീത.കെ	വി.ഇ.ഒ, തെക്കുംകര സർക്കിൾ	01-04-2023	19-07-2023
ഷീജ.എം.എസ്	വി.ഇ.ഒ, തെക്കുംകര	20-07-2023	31-03-2024

	സർക്കിൾ		
വർഷ.ടി.ജെ	വി.ഇ.ഒ, മച്ചാട് സർക്കിൾ	01-04-2023	31-03-2024
ശോഭന.പി.കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	21-01-2024
ഷീബ.വി.ആർ	അസിസ്റ്റന്റ് സെക്രട്ടറി	22-01-2024	22-03-2024
ഡേവിസ് എം.ഒ	അസിസ്റ്റന്റ് സെക്രട്ടറി	23-03-2024	31-03-2024
ഡോണ വിജയൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
സുനിത.വി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	05-07-2023
അനില.പി.ആർ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	06-07-2023	31-03-2024
നദീറ.സി.എസ്	പ്രധാന അദ്ധ്യാപിക എൽ പി സ്കൂൾ പുന്നംപറമ്പ്	01-04-2023	30-04-2023
മാലിനി.എൻ.പി	പ്രധാന അദ്ധ്യാപിക എൽ പി സ്കൂൾ പുന്നംപറമ്പ്	01-05-2023	31-03-2024
ഡോ.ഷാര.ബി.	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)	01-04-2023	17-06-2023
ഡോ.ബിനിത.എം.ബി	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)	18-06-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല	1-1-3
5	കടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല	1-1-4
6	അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല	1-1-5
7	അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല	1-1-6
8	പഞ്ചായത്തിന്റെ ബാധ്യതകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല	1-1-7
9	വായ്പാ തിരിച്ചടവ് തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു	1-1-8
10	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി- ആസ്തി നിർമ്മിച്ചതിന്റെ തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1-9
11	അഡ്വാൻസ് തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി	1-1-10
12	ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല	1-1-11
13	വസ്തുനികുതി- സഞ്ചയ ഡി.സി.ബി.യും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല	1-1-12
14	ബജറ്റ്	1-2
15	ഫണ്ട് വിനിയോഗം	1-3
16	പദ്ധതി അവലോകനം	1-4
17	തൊഴിലുറപ്പ് പദ്ധതി	1-5
18	ക്ഷേമ പദ്ധതികൾ	1-6
19	ക്യാഷ് വെരിഫിക്കേഷൻ	1-7
20	ആഭ്യന്തരനിയന്ത്രണം	1-8
21	ഇ-ടെൻഡർ ഫീ അടവാക്കിയത്	1-9
22	ആംബുലൻസ് വാടകയുമായി ബന്ധപ്പെട്ട അപാകതകൾ	1-10
23	തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ	1-11
24	വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികളിൽ അപാകതകൾ	1-12
25	ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-13

26	ടർഫ്, ജിനേഷ്യം എന്നീ സ്ഥാപനങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല	1-14
27	പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്	1-15
28	നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവത്ക്കരിച്ചിട്ടില്ല	1-16
29	അഗ്രോ ഫാർമസി പ്ലാന്റ്-പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല	1-17
30	വെതർ സ്റ്റേഷൻ തുടർ നടപടികൾ -സംബന്ധിച്ച്	1-18
31	കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി സംബന്ധിച്ച്	1-19
32	സദ്ഭരണ പദ്ധതി - സംബന്ധിച്ച്	1-20
33	വർക്കിംഗ് ഗ്രൂപ്പ് ചുമതലാ നിർവഹണം കാര്യക്ഷമമാക്കേണ്ടതാണ്	1-21
34	ലൈഫ്ഭവനപദ്ധതി-പണി പൂർത്തീകരിച്ചിട്ടില്ല	1-22
35	സംയോജിത കൃഷി-സംയോജിത ഫാം പ്ലാൻ തയ്യാറാക്കിയിട്ടില്ല	1-23
36	കായിക പരിശീലനം (സ്പിൽ ഓവർ) - ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-24
37	ആർ.ആർ.എഫ് കെയർ ടേക്കർ വേതനം-അപാകതകൾ	1-25
38	ഡെപ്പോസിറ്റ് വർക്കിന് കെ.എസ്.ഇ.ബി.ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്	1-26
39	ഐ.കെ.എം. ന് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല	1-27
40	മച്ചാട് കാർണിവെലിന് നൽകിയ തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല	1-28
41	വിവിധ പദ്ധതികളുടെ ഡി പി ആർ തയ്യാറാക്കൽ- മുഴുവൻ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമായില്ല	1-29
42	സമഗ്ര ആരോഗ്യ പദ്ധതി - കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല	1-30
43	പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി - മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല	1-31
44	അഗതി-ആശ്രയ വിനിയോഗ രേഖ ലഭ്യമാക്കിയിട്ടില്ല	1-32
45	എസ്.സി പഠന മുറി ആരംഭവാലേഷൻ നടത്തിയിട്ടില്ല	1-33
46	ബാലസഭ-അപാകതകൾ	1-34
47	സാനിറ്ററി നാപ്കിൻ ഡിസ്പോയർ വാങ്ങി സ്ഥാപിച്ചത്- അപാകതകൾ	1-35
48	കേരളോത്സവം-ചെലവു രേഖകൾ കൃത്യമാക്കി ലഭ്യമാക്കിയിട്ടില്ല	1-36
49	മെയിന്റനൻസ് ഫണ്ട് സ്ഥിര ആസ്തികൾ നിർമ്മിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു.	1-37

50	ചെലവ് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല	1-38
51	ഡെപ്പോസിറ്റ് പ്രവൃത്തികൾ ദീർഘകാലമായി പൂർത്തീകരിക്കാതെ നിലനിൽക്കുന്നു	1-39
52	മാലിന്യസംസ്കരണം- ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ - അവലോകനം	1-40
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	സ്ഥിര നിക്ഷേപം	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം –1

പൊതു അവലോകനം

1–1–1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ.

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ.

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 02.07.2024 തീയതിയിലെ 1(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 09.07.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ
തീയതി : 12.12.2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

1–1–2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -4595445 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18807908 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-18, I-19) പ്രകാരം "190000000-Prior Period Income","290000000-Prior Period Expenditure" എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31.03.2024 ലെ ലെഡ്ജർ ബാക്കി
290800101-Prior Period Expenses – Establishment Expenses	-303386
290800501-Prior Period Expenses – Programme Expenses	424512
ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-19)	
190100101-Prior Period Income - Propoerty Tax	6272
190200401-Prior Period Income – Other Incomes	-86137

1-1-4 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-5 അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. 2023-24 ലെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളുടെ ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് സാമ്പത്തിക വർഷാവസാനം (31.03.2024ൽ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

ക്രമ നമ്പർ	ശീർഷകം	വൗച്ചർ നമ്പർ/തിയതി	തുക
1	110100101-Property Tax On Residential Buildings(Current)-Demand -23-24	42301967/31-03-2024	2,435,560.00
2	110100102-Property Tax On Non-Residential Buildings (Current) -Demand-23-24	42301968/31-03-2024	1,365,413.00
3	110200101-Profession Tax - Institutions Demand- 23-24	42301932/31-03-2024	30,500.00
4	130100101- Rent Receivables From Buildings(Current)-Demand -23-24	42301933/31-03-2024	328,148.00
5	110200105-Receivables For Profession Tax - Traders (Current) - Demand	42301934/31-03-2024	346,130.00

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻടികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-6 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ എഴുതി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ തുകകൾ നൽകിയതിന്റെയും തിരികെ ലഭിച്ചതിന്റെയും/അഡ്ജസ്റ്റ് ചെയ്തതിന്റെയും കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.

1-1-7 പഞ്ചായത്തിന്റെ ബാധ്യതകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ വാർഷിക ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകളും രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. ബാലൻസ് ഷീറ്റ് ബി-7 പ്രകാരം പഞ്ചായത്തിന് ബാധ്യതയായി നിലനിൽക്കുന്ന തുക വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നതും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ക്രമ നമ്പർ	ഇനം	എ.ഫ്.എസ് പ്രകാരം (ബി-7)	രജിസ്റ്റർ പ്രകാരം
1	Contractor's EMD	40,095	1,06,145
2	Supplier's EMD	54,667	47,517

3	Contractor's Retention	6,46,699	8,10,980
4	Other Deposits	2,64,086	3,77,789

1-1-8 വായ്പാ തിരിച്ചടവ് തുക തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

വായ്പാ രജിസ്റ്റർ പരിശോധിച്ചതിൽ വായ്പാ ഇനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക വാർഷിക ധനകാര്യ പത്രികയിൽ തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

വായ്പയുടെ വിവരങ്ങൾ	തുക
മുൻ ബാക്കി	ഇല്ല
തൻവർഷത്തെ വരവ് (RP-31)	58,25,314
ആകെ വായ്പ തുക	58,25,314
തൻവർഷം തിരിച്ചടച്ചത് (GO Project)	16,46,129
തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5)	6,19,185

യഥാർത്ഥത്തിൽ തിരിച്ചടയ്ക്കേണ്ട തുക = 58,25,314 – 16,46,129= 41,79,185 രൂപയാണ് എന്നിരിക്കെ വാർഷിക ധനകാര്യ പത്രികയിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 6,19,185 രൂപയാണ്.

1-1-9 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി– ആസ്തി നിർമ്മിച്ചതിന്റെ തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക്/എം.ഐ.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആസ്തി നിർമ്മിച്ചതിന്റെ തുക വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം			എം.ജി.എൻ.ആർ.ഇ.ജി.എസ്. കാഷ് ബുക്ക്/എം.ഐ.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരം	
റവന്യൂ ചെലവുകൾ	253100101-Total Poverty Alleviation	₹31604819	മെറ്റീരിയൽ കോസ്റ്റ്	₹719000
			വിദഗ്ധ തൊഴിൽ വേതനം	₹483000
	256100116-Administrative Expense-Mahatma Gandhi NREGA/ AUEGS	₹1327680	അവിദഗ്ധ തൊഴിൽ വേതനം	₹37165000
			ഭരണച്ചെലവ്	₹1327680
മൂലധന ചെലവുകൾ	312100128-Capital Contribution	₹6762181		
ആകെ		₹39694680	ആകെ	₹39694680

ചെലവഴിച്ച തുകകൾ, തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്യാതെ ഇത്തരത്തിൽ റവന്യൂ ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ മൂലധന ചെലവായി രേഖപ്പെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ്

പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

1-1-10 അഡ്വാൻസ് തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

പ്രോജക്ട്	വൗച്ചർ നമ്പർ	അഡ്വാൻസ് തുക	ചെലവ് രേഖപ്പെടുത്തിയ ശീർഷകം	ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം
134/24, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി 2023-24	42301885/ 25-03-2024 42301325/11-03-2024	172,000.00 83,206.00	251110501 Health Related Activties-Palliative Care	460500501-Advance To Implementing Agencies-

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 2,55,206 രൂപ മരുന്ന് വാങ്ങുന്നതിനായി KMSCL (Kerala Medical Services Corporation Limited) എന്ന സ്ഥാപനത്തിന് മരുന്ന് മേൽ വൗച്ചർ പ്രകാരം അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി 74,108 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 1,81,098 രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. "ക്രമീകരിക്കാനവശേഷിയുന്ന മുൻകൂർ" എന്ന ശീർഷകത്തിലാണ് അഡ്വാൻസ് തുക ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തെറ്റായി ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി.

1-1-11 ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2023-24 വർഷത്തെ Income And Expenditure പത്രിക [I-17(A)] പ്രകാരം 80,96,224 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-1-12 വസ്തുനികുതി- സഞ്ചയ ഡി.സി.ബി.യും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുകയും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകളും പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

	"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം			വാർഷികകണക്കിലെ പത്രികകൾ പ്രകാരം		
	ഡിമാന്റ്	കളക്ഷൻ	ബാക്കി	ഡിമാന്റ്	കളക്ഷൻ	ബാക്കി
തൻവർഷം- വസ്തുനികുതി-റെസിഡൻഷ്യൽ	2435560	2421606	12977	2435560	2411556	13640
തൻവർഷം- വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ	1365413	1245934	108828	1365413	1243317	114282
കുടിശ്ശിക - വസ്തുനികുതി-റെസിഡൻഷ്യൽ	8236	8249	0	2783	8236	0

കുടിശ്ശിക- വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ	686	685	0	0	686	0

1–2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. നിശ്ചയിച്ച പ്രകാരമുള്ള സമയക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
28-03-2023 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	തൻവർഷം വരവ്	ആകെ വരവ്	ചെലവ്	നീക്കിയിരിപ്പ്
21,68,969	39,23,41,500	39,45,10,469	39,17,28,056	27,82,413

05-02-2024 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2023-24 വർഷത്ത പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	തൻവർഷം വരവ്	ആകെ വരവ്	ചെലവ്	നീക്കിയിരിപ്പ്
68,27,732	38,23,57,550	38,91,85,282	38,57,68,255	34,17,027

1–3 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷവരവ്	ആകെ	ചെലവ്	ലാപ്സ് ആയ തുക
വികസന ഫണ്ട്-ജനറൽ	0	25958000	25958000	18370422	7587578
വികസന ഫണ്ട്-എസ്.സി.പി	0	7498000	7498000	5380639	2117361
മെയിന്റനൻസ്, റോഡ്	0	15510000	15510000	11748325	3761675
മെയിന്റനൻസ്, നോൺ-റോഡ്	0	4548000	4548000	3730911	817089
ആകെ		53514000	53514000	39230297	14283703

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച 5,35,14,000 രൂപയിൽ 1,42,83,703 രൂപ ചിലവഴിക്കാതെ ലാപ്സായിട്ടുണ്ട്.
വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ

പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Basic Grant)	4303456	4600815	8904271	5203071	3701200
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(tied)	7438560	3224885	10663445	6835756	3827689
Health Grant-Conversion Of PHCs And Subcentres In To Health And Wellness Centres	6837	415009	421846	70362	351484
Health Grant - Support For Diagnostic InfraStructure To The PHCs	89138	1004088	1093226	553217	540009
Other Govt.Agencies	329660	41000	370660	41000	329660
ICDS	2253646	1430922	3684568	1137531	2547037
Integrated Child Developement Scheme	19736	0	19736	0	19736
Animal Husbandry	2880		2880		2880
Life Mission State Share	1308735	9977670	11286405	8637670	2648735
Literacy Scheme	5336	256	5592	0	5592
Total Sanitation	1347843	0	1347843	921066	426777
JALANIDHI	39075	0	39075	0	39075
Best Panchayat Award	300000	0	300000		300000
MPLADS	18000	0	18000	0	18000

Epidemic Control	9227	302	9529	0	9529
Beneficiary Contributions	43809	576275	620084	0	620084
Swatch Bharat Abhiyan	0	1344678	1344678	1344678	0

സി.എഫ്.സി അൺടൈഡ് മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് B-4 സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.
മേൽ അപാകതകൾ പരിഹരിച്ച ഗ്രാന്റ് വിനിയോഗവിവരങ്ങളാണ് ഈ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-4 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
267	211786755	156	88665543	0	63	58.42

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം	അടങ്കൽ	നടപ്പിലാക്കിയതുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം	ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	10	3855250	10	3049965	79.11
വെറ്റിനറി സർജൻ	8	5980000	3	1096320	18.33
മെഡിക്കൽ ഓഫീസർ - പി.എച്ച്.സി	10	4374370	10	2941212	67.23
മെഡിക്കൽ ഓഫീസർ - ആയുർവേദം	2	1030000	2	1020889	99.11
മെഡിക്കൽ ഓഫീസർ - ഹോമിയോ	4	454000	2	300000	66.07
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	40000	0	0	0
വി.ഇ.ഒ	19	60379297	16	33318180	55.18
ICDS സൂപ്പർ വൈസർ	9	6154580	7	4173712	67.81
ഡയറി എക്സ്റ്റൻഷൻ	1	1650000	1	1504075	91.15

ഓഫീസർ					
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	51	34662178	30	14003726	40.40
അസിസ്റ്റന്റ് എഞ്ചിനീയർ	129	88212744	59	25184661	28.54
ഹെഡ് മാസ്റ്റർ	8	990000	3	340617	34.40
അസിസ്റ്റന്റ് സെക്രട്ടറി	15	4004336	13	1732186	43.25
	267	211786755	156	88665543	41.86

അംഗീകാരം ലഭിച്ച 267 പദ്ധതികളിൽ എണ്ണം 156 (58.42%) നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകകളിൽ 41.86% മാത്രം ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടന ചുമതലയാണ്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	1327680	1327680	1327680	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	37165000	37165000	37165000	0
ആസ്തി നിർമ്മിച്ചത് (മെറ്റീരിയൽ & വിദഗ്ധതൊഴിലാളി വേതനം)	0	1202000	1202000	1202000	0
ആകെ	0	39694680	39694680	39694680	0

1-6 ക്ഷേമ പദ്ധതികൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	59,43,400	513
വിധവാപെൻഷൻ	1,56,97,200	1443
വാർദ്ധക്യകാല പെൻഷൻ	2,86,74,200	2667
വികലാംഗ പെൻഷൻ	43,14,000	387
50 വയസ്സിന്മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	22,69,000	199
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം	3,00,000	10

1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2024 തീയതിയിൽ 3.30 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബുക്ക് പ്രകാരമുള്ള 18,949 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1–8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1–9 ഇ–ടെൻഡർ ഫീ അടവാക്കിയത്

2023-24 കാലയളവിൽ തെക്കുംകര ഗ്രാമ പഞ്ചായത്തിൽ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ ഫീ അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തതിന്റെയും തുടർന്ന് പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻകയറി നൽകിയതിനെത്തുടർന്ന് (നം.24/29.10.2024) ലഭ്യമാക്കിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പുന്നംപറമ്പ് എസ്.ബി.ഐ യിൽ (അക്കൗണ്ട് നം.38094849055) ക്രെഡിറ്റായിരുന്ന ഇ-ടെൻഡർ ഫീ തുക 180045 രൂപ ചെക്ക് നം.609405/29.10.2024 പ്രകാരം രസീത് നം.1240202103/G080305 തീയതി 29.10.2024 ആയി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇ-ടെൻഡർ ഫീ ഈടാക്കിയത് കാലതാമസം കൂടാതെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1–10 ആംബുലൻസ് വാടകയുമായി ബന്ധപ്പെട്ട അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-48 R4199 ആംബുലൻസ് വാടകയുമായി ബന്ധപ്പെട്ട രസീത് പുസ്തകം,കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 01.04.2011 ൽ നിലവിൽവന്നിട്ടുണ്ട്. ആംബുലൻസ് വാടകയുമായി ബന്ധപ്പെട്ട മാനുവൽ രസീതുകളുടെ അസ്സൽ പരിശോധിച്ചതിൽ 3 -ാം നമ്പർ രസീത് പുസ്തകത്തിലെ 08.01.2024 തീയതിയിൽ 265-ാം നമ്പർ രസീത് പ്രകാരം 2720 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതായി കാണുന്നില്ല, കൂടാതെ 4 -ാം നമ്പർ രസീത് പുസ്തകത്തിലെ 08.10.2024 തീയതിയിൽ 362-ാം നമ്പർ രസീത് പ്രകാരം 19722 രൂപ ഒടുക്കുന്നതിനു പകരം 15092 രൂപയാണ് ഒടുക്കിയിട്ടുള്ളത്. കുറവ് തുകയായ 4630 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.
മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (11/28.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രശീതുകൾ പ്രകാരം ഈടാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1–11 തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.
1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ ലൈസൻസ് അനുവദിച്ച താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപന ഉടമ/ സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം.	അർദ്ധവർഷം

1	മിൽക്ക് സൊസൈറ്റി, പുന്നംപറമ്പ്	1	2nd
2	മാവേലി സ്റ്റോർ, കുണ്ടുകാട്	1	2nd
3	വിളമ്പാത്ത ഫയൽസ്, കരുമത്ര	6	2nd
4	നന്മ സ്റ്റോർ, തെക്കുംകര	2	1st & 2nd
5	മണിക്കംപാറ ഗ്രാനൈറ്റിസ് പ്രൈവറ്റ് ലിമിറ്റഡ്, കൊളത്താഴം	7	1st & 2nd
6	വിംബിസ് കേക്ക് ഷോപ്പ്, പുന്നംപറമ്പ്	6	1st & 2nd
7	ലൈഫ് മെഡിക്കൽസ്, പുന്നംപറമ്പ്	4	1st & 2nd
8	കൃഷ്ണ ഹോളോബ്രിക്സ്, പുന്നംപറമ്പ്	3	1st & 2nd
9	കോസ്മോവിഷൻ മൊബൈൽസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കുണ്ടുകാട്	9	1st & 2nd
10	ഗോൾഡൻ ഫൈബ്രോ ടെക്സ്, വാഴാനി	8	1st & 2nd
11	ജെ.എസ്. ബ്രിക്സ്, പറമ്പായ്	3	1st & 2nd
12	പി.വി. ബെഡ് കോ. (കരുമത്ര & കാപ്പി)	10	1st & 2nd
13	സൂര്യ ബെഡ് കോ. കരുമത്ര	5	1st & 2nd
14	ട്വിൻസ് കരുമത്ര	5	1st & 2nd
15	മഹാത്മാ ഹെൽത്ത് കെയർ ഇന്റർനാഷണൽ, പറമ്പായ്	3	1st & 2nd
16	തിരുത്തിന്മേൽ സ്റ്റീൽസ്, പുന്നംപറമ്പ്	6	1st & 2nd
17	ആന്റണി വി.സി., വാഴാനി റോഡ്	3	1st & 2nd
18	ആദിത്യ ഗ്രൂപ്പ് ഓഫ് കമ്പനീസ്, മണലിത്തറ	7	1st & 2nd
19	ഡെക്കറൈറ്റ് ഡിസൈൻസ്, തെക്കുംകര	5	1st & 2nd
20	ഐശ്വര്യ ബിൽഡിംഗ് മെറ്റീരിയൽസ്, മങ്കര	3	1st & 2nd
21	നാസ് കറി പൗഡർ, തെക്കുംകര	6	

2. 2023-24 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരുടെ പേരു വിവരം താഴെച്ചേർക്കുന്നു.

ക്രമ നമ്പർ	കറാറുകാരന്റെ പേര്

1	സജയകുമാർ എം. സ്.
2	മുഹമ്മദ് അലി കെ. എം.
3	ടി. എൻ. ശശികുമാർ
4	മുസ്തഫ എ. വി.
5	ദേവസ്സി പി. സി.
6	അബ്ദുൾ ഖാദർ എ. വി.
7	രാജേഷ് വി. യു.
8	സൈനുദീൻ എ. കെ.
9	ജമാൽ കടമനക്കൊട്ടിൽ
10	അഖിൽ ദാസ് ടി. എസ്.
11	രാഗേഷ് കെ.ആർ.
12	ആഷിൻ ദേവ്
13	ബിജു പി. പി.
14	മമ്മിക്കുട്ടി പി.
15	സിനി ഒടാട്ടിൽ
16	നിക്സൺ സി. എഫ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/28.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കാത്തപക്ഷം പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി നിർണ്ണയിക്കുന്നതിനും, നിർണ്ണയിച്ച നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ചിട്ടുള്ള തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-12 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികളിൽ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ ലൈസൻസ് നടപടികളിലും ഡേറ്റാബേസ്, രജിസ്റ്റർ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിലെ 18 വാർഡുകളിലും ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. കൃത്യമായ ഡേറ്റാബേസിന്റെയും ട്രേഡേഴ്സ് ലിസ്റ്റിന്റെയും അഭാവത്തിൽ പഞ്ചായത്ത് നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വാണിജ്യ-വ്യവസായ കെട്ടിടങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല.

2. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ലൈസൻസ് എടുക്കുന്നില്ല

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ പ്രകാരം 2023-24-ൽ വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന **1068** കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ	868

വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ	41
വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ	1
ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ	76
അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ	13
വ്യവസായതിനാവശ്യമുള്ളവ - കൈത്തറി ഷെഡ്, കയർ പിരി ഷെഡ്	60
സ്വകാര്യ ഹോസ്റ്റൽ & ഹോംസ്റ്റേയ്	4
റിസോർട്ടുകൾ	5
ആകെ	1068

എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തിൽ 411 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (10/28.10.2024) മറുപടിയായി 2023-24 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ-വ്യവസായ കെട്ടിടങ്ങളും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർനപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതിനോ അഥവാ ഏതെങ്കിലും ഇനം മൃഗങ്ങളെയോ പക്ഷികളെയോ വംശവർധനക്കായി വളർത്തുന്നതിനോ വേണ്ടി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങളോ ഷെഡുകളോ ഉള്ളതോ ഇല്ലാത്തതൊ ആയ സ്ഥലത്തിന് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3 (2) ൽ സൂചിപ്പിച്ചിട്ടുള്ളതിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല.

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല. വെറ്ററിനറി സർജൻ

ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

ക്രമ നമ്പർ	ഫാം ഉടമയുടെ പേര്	വാർഡ് നമ്പർ	കന്നുകാലികളുടെ എണ്ണം
1	രാജേഷ്, മലാക്ക	7	പശു – 55
2	സ്വപ്ന, പ്രണവം, കാക്കിനിക്കാട്	4	പശു – 15
3	പ്രവീൺ, ഐശ്വര്യ, കല്ലംപാറ	14	പശു –10
4	വിൽസൺ, കാരാണിപുരം, പുളിക്കപ്പുറം	13	പശു –10

പന്നി ഫാം

ക്രമ നമ്പർ	ഫാം ഉടമയുടെ പേര്	വാർഡ് നമ്പർ	പന്നികളുടെ എണ്ണം
1	എബി, പൊട്ടൻകുളങ്ങര, വീരോലിപ്പാടം	7	28
2	ലൗവലി, പുളിയമാക്കൽ, പൂമല	13	100

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/29.10.024) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ ഫാമുകളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1–14 ടർഫ്, ജിനേഷ്യം എന്നീ സ്ഥാപനങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

പഞ്ചായത്തിലെ 18-ാം വാർഡിൽ പ്രവർത്തിക്കുന്ന സ്പോർട്ട്സ് ഗ്രിഡ് ടർഫ്, പുന്നംപറമ്പ് എന്ന സ്ഥാപനത്തിന്റെയും, കൂടാതെ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ജിനേഷ്യങ്ങളുടെയും തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പിന്റെ 05.04.2023 തിയ്യതിയിലെ സ.ഉ.(അച്ചടി)നം.25/2023/ത.സ്വ.ഭ.വ പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരവുമുള്ള ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/28.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളുടെ വസ്തുനികുതി അടിയന്തിരമായി നിശ്ചയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1–15 പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീറ്റർ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനകെട്ടിടങ്ങൾ, GI, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് 2023–24 വർഷം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു.
മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12/28.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തെക്കുംക്കര

ഗ്രാമപഞ്ചായത്തിലെ 1 മുതൽ 18 വരെയുള്ള വാർഡുകളിലെ എല്ലാ കെട്ടിടങ്ങളും അളന്ന് വിവരശേഖരണം നടത്തി നികുതി പുനർനിർണയിക്കുന്നതിനും, അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1–16 നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവത്ക്കരിച്ചിട്ടില്ല

റസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ ഗണത്തിൽ പെടുന്ന കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ ജോജോ കുര്യൻ മുതൽ പേർ, പുളിയമാക്കൽ ഹൗസ്, പത്താഴകുണ്ട്, പൂമല, എന്നവരുടെ ഉടമസ്ഥതയിൽ സർവ്വേ നം. 915/-2-ലുള്ള 4047 ച.മീ. പ്ലോട്ടിൽ നിലവിലുള്ളതും പുതിയ കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടം	നില	ഉപയോഗ ഗണം	ബിൽറ്റ് അപ്പ് ഏരിയ (ച.മീറ്റർ)
നിലവിലുള്ള കെട്ടിടം (13/438)	തറനിരപ്പ് നില	പാർപ്പിടാവശ്യം	Existing-38 Extend-63.97
			101.97
പുതിയ നോൺ റസിഡൻഷ്യൽ കെട്ടിടം (13/438 C)	തറനിരപ്പ് നില	ആയുർവേദ സുഖ ചികിൽസാ കേന്ദ്രം	33.52
ആകെ			**135.49**

കംപ്ലീഷൻ പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന് (13/438) 101.97 ച.മീറ്റർ വിസ്തീർണ്ണവും പുതിയ കെട്ടിടത്തിന് (13/438 C) 33.52 ച.മീറ്റർ വിസ്തീർണ്ണവുമാണ് കാണിച്ചിട്ടുള്ളത്. 33.52 ച.മീ. വിസ്തീർണ്ണമുള്ള ആയുർവേദ സുഖ ചികിൽസാ കേന്ദ്രം എന്ന ഉപയോഗക്രമത്തിനുള്ള പുതിയ കെട്ടിടത്തിന് (13/438 C) രസീത് നമ്പർ - 1230201443 പ്രകാരം 671 രൂപ ക്രമവത്കരണ ഫീസായി ഒടുക്കിയിട്ടുണ്ട്. 13/438 നമ്പരുള്ള നിലവിലുള്ള 38 ച.മീ റസിഡൻഷ്യൽ കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം 101.97 ച.മീറ്ററാണ് എന്നും 63.97 ച.മീറ്റർ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ടെന്നും എൽ.എസ്.ജി.ഡി. ഓവർസിയറുടെ 15.07.2023-ലെ സാങ്കേതിക പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയതുപ്രകാരം സഞ്ചയയിൽ 101.97 ച.മീ. വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണയിച്ചിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടത്തിന്റെ (13/438) അധിക വിസ്തീർണ്ണമായ 63.97 ച.മീറ്റർ ക്രമവത്ക്കരിക്കരിച്ചിട്ടില്ല.
മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/28.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃതമായി കൂട്ടിച്ചേർക്കൽ നടത്തിയഭാഗത്തിന് ക്രമവത്കരണ ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1–17 അഗ്രോ ഫാർമസി പ്ലാന്റ്–പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അഗ്രോ ഫാർമസി പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	18/24 (അഗ്രോ ഫാർമസി പ്ലാന്റ്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
അടങ്കൽ	18450 (9225 - Development Fund 9225 – Beneficiary Contribution)
ചെലവ്	18450
വൗച്ചർ നമ്പർ/തിയതി	42301597/20-07-2023 – 9225 42301232/20-02-2024- 9225

സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി 19-04-2022 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.20 പ്രകാരം കീടരോഗങ്ങളുടെ വ്യാപ്തിയെക്കുറിച്ചും നിവാരണ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് തയ്യാറാക്കേണ്ടതും കീടരോഗ നിയന്ത്രണത്തിന് വേണ്ട വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും വിജ്ഞാനപ്രവർത്തനങ്ങൾ നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/29.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1–18 വെതർ സ്റ്റേഷൻ തുടർ നടപടികൾ –സംബന്ധിച്ച്

സ.ഉ.(കൈ) നം.115/22/ ത സ്വ ഭ വ- തിയതി 28 /05 /22 ഖണ്ഡിക (7.8.8) പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനുമായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/28.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

1–19 കാലാവസ്ഥാ വ്യതിയാനം – പ്രാദേശിക കർമ്മ പദ്ധതി സംബന്ധിച്ച്

19-04-22 ലെ സ. ഉ. 84/2022/ത.സ്വ.ഭ.വ നമ്പരായി പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ 7.3പ്രകാരം കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൃഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി ഭൂപ്രകൃതി, ജന പ്രകൃതി, സാമ്പത്തികവ്യവസ്ഥ എന്നിവ സംബന്ധിച്ച് പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും തന്മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ, ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2). ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ, കാർബൺ ബഹിർഗമനം കുറയ്ക്കാൻ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3) പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്.

മേൽ നിർദേശ പ്രകാരം പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതു സംബന്ധിച്ച് വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/28.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1–20 സദ്ഭരണ പദ്ധതി – സംബന്ധിച്ച്

19-4-22 ലെ സ. ഉ (കൈ) നം. 84/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ 6.9 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് (6.9.1). പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണേണ്ടതാണ് (6.9,2). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി

പരിഷ്കരിക്കേണ്ടതാണ് (6.9.3). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് (6.9.6, 6.9.7) എന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/28.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സദ്ഭരണ പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് അറിയിക്കേണ്ടതാണ്

1–21 വർക്കിംഗ് ഗ്രൂപ്പ് ചുമതലാ നിർവഹണം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ.(കൈ) നം.84/2022/തസ്വഭവ തീയതി 19-04-2022 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 3.1.2ൽ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടന, ചുമതലകൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു

1. വർക്കിംഗ് ഗ്രൂപ് യോഗം – മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1-ന് മുൻപ് നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കോറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധവുമാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച് ചേർക്കൽ, മിനിട്സ് രേഖപ്പെടുത്തൽ, മിനിട്സ് ബുക്ക് സൂക്ഷിക്കൽ, ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലകളാണ്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ പല യോഗങ്ങളിലും മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.

2. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.

വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതാണ്. എന്നാൽ മിനിട്സ്, പ്രോജക്ടുകൾ എന്നിവ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.

3. ഗ്രാമസഭാ യോഗത്തിൽ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ അവതരിപ്പിക്കുന്നില്ല

ഗ്രാമസഭയിൽ അച്ചടിച്ച നൽകുന്നതിനാവശ്യമായ വിവരങ്ങളും (ഫോറം 4, 5, 6) പദ്ധതിരേഖയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങളും എഴുതി തയ്യാറാക്കേണ്ടതും ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവുമാദ്യം നടക്കുന്ന ഗ്രാമസഭാ യോഗത്തിൽത്തന്നെ അവതരിപ്പിക്കേണ്ടതുമാണ്. മിനിട്സ് പരിശോധിച്ചതിൽ മേൽ വിവരങ്ങൾ തയ്യാറാക്കി ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിച്ചതായി കാണുന്നില്ല.

4. പ്രോജക്ട് നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുന്നില്ല.

സർക്കാർ നൽകിയിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകേണ്ടതും ഗ്രാമസഭായോഗത്തിൽ ചർച്ചയ്ക്ക് നൽകേണ്ട പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളെ സഹായിക്കുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നവയാണ്. എന്നാൽമിനിട്സ് പരിശോധിച്ചതിൽ ഇത്തരം നിർദേശങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല.

5. വർക്കിംഗ് ഗ്രൂപ് യോഗങ്ങൾ കൃത്യമായി ചേരുന്നില്ല.

അവസ്ഥാരേഖയേയും വികസന രേഖയേയും അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതിയിലെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ഫോറം 6-ൽ തയ്യാറാക്കേണ്ടതും കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഈരുകൂട്ട് യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപാർശകൾ തയ്യാറാക്കേണ്ടതുണ്ട്. അതിനാൽ

ഈ രണ്ടു ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്.

ഗ്രാമസഭായോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ/ വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പുചർച്ചകൾ വിശദമായി സംഘടിപ്പിക്കേണ്ടതും ഗ്രാമസഭായോഗങ്ങൾക്ക് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് ഗ്രാമസഭാ/ ഈരുക്കൂട്ട നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നവയാണ്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ 2023-24 വർഷത്തിൽ ഒരു പ്രാവശ്യം മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേർന്നിട്ടുള്ളത്. ഇവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പിന്റെ പേര്	യോഗം ചേർന്ന തിയതി	റിമാർക്സ്
1	പൊതുഭരണവും ധനകാര്യവും	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.
2	കൃഷി	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.
3	മൃഗസംരക്ഷണവും, ക്ഷീര വികസനവും	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.
4	പ്രാദേശിക സാമ്പത്തിക വികസനം, ചെറുകിട വ്യവസായം,	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.
5	ദാരിദ്ര ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.
6	സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ, മുതലായവ)	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.
7	ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.
8	പട്ടികജാതി വികസനം / പട്ടികവർഗ്ഗവികസനം	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.
9	ആരോഗ്യം	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.
10	കുടിവെള്ളം, ശുചിത്വം മുതലായവ	11.12.2023 & 10.01.24	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.
11	വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.

12	പൊതുമരാമത്ത് (വൈദ്യുതിയും ഉയർജ്ജവും ഉൾപ്പെടെ)	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.
13	ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതിസംരക്ഷണം, ദുരന്ത നിവാരണം	11.12.2023	മിനിട്സ് അധ്യക്ഷൻ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/29.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

1-22 ലൈഫ്ഭവനപദ്ധതി-പണി പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവനപദ്ധതിയിലുൾപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് ആയി ആദ്യ ഗഡു സ്വീകരിച്ച് ഇതുവരെയും വീടുപണി തുടങ്ങിയിട്ടില്ലാത്തതാണ്.

ക്രമ നമ്പർ	പേര്/ വിലാസം	ലിസ്റ്റ്	അനുവദിച്ച തുക / തിയതി	നിലവിലെ അവസ്ഥ
1	ശാലിനി രാജേഷ് തൊഴുത്തിങ്ക പറമ്പിൽ (H) വാർഡ് 7	ലൈഫ് ഫേസ് -3 എസ് സി	ആദ്യ ഗഡു 40,000/ 01.08.2022	പണി തുടങ്ങിയിട്ടില്ല.
2	വിജയ, പള്ളിയാലിൽ (H) വാർഡ് 12	ലൈഫ് അഡീഷനൽ -എസ് സി	ആദ്യ ഗഡു 40,000/06.02.2021 (20,000 രൂപ 06.9.22ന് പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുണ്ട്.)	പണി തുടങ്ങിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/29.10.24) മറുപടിയായി ഗുണഭോക്താവായ ശ്രീമതി ശാലിനി രാജേഷ് എന്നവർ അഡ്വാൻസ് തുകയായ 40,000 കൈപ്പറ്റുകയും തറപണി മുതലായ പ്രവർത്തികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ലാത്തതും നിലവിൽ ഇവർ എവിടെയാണ് താമസിക്കുന്നത് എന്നതിനെക്കുറിച്ച് യാതൊരു വിവരങ്ങളും ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താവായ ശ്രീമതി.വിജയ എന്നവർ പണി പൂർത്തീകരിക്കാൻ സാധിക്കില്ല എന്ന് അറിയിച്ചിട്ടുള്ളതും അഡ്വാൻസ് തുകയായ 40,000 രൂപയിൽ 20,000-രൂപ പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടുമുണ്ട്. മേൽ ഗുണഭോക്താക്കൾക്ക് എതിരെ റവന്യു റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തതായും അറിയിച്ചിട്ടുണ്ട്.
മേൽ ഗുണഭോക്താക്കൾക്ക് നൽകിയ അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 സംയോജിത കൃഷി-സംയോജിത ഫാം പ്ലാൻ തയ്യാറാക്കിയിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി സംയോജിത കൃഷി എന്ന പേരിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	168/24 (സംയോജിത കൃഷി)
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ

അടങ്കൽ	10,000 (വികസന ഫണ്ട്)
ചെലവ്	10,000
വൗച്ചർ നമ്പർ/തീയതി	42301662/17-10-2023

സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി 19-04-2022 ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.11 പ്രകാരം നിലവിലെ കൃഷി വിപുലപ്പെടുത്തുന്നതിനും സംയോജിത കൃഷിയിൽ പുതിയ വിളകളും ഘടകങ്ങളും ഉൾച്ചേർക്കുന്നതിനുമായിരിക്കണം പ്രോജക്ട്. കൂടാതെ സംയോജിത ഫാം പ്ലാനിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത് എന്ന് നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശപ്രകാരമുള്ള സംയോജിത ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (29/29.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

1–24 കായിക പരിശീലനം (സ്പിൽ ഓവർ) – ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2022-23 വർഷത്തിൽ എച്ച്.എം നിർവഹണ ഉദ്യോഗസ്ഥയായി കുട്ടികൾക്ക് കായിക പരിശീലനം നൽകുക എന്ന പ്രോജക്ട് നടപ്പിലാക്കുകയും ആയതിന്റെ ബാലൻസ് തുക നൽകുന്നതിനായി സ്പിൽഓവറായി തൻവർഷം പ്രോജക്ട് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	231/24, കായിക പരിശീലനം (Spill Over)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ
അടങ്കൽ	87,950- വികസന ഫണ്ട് (ജനറൽ)
ചെലവ്	46,860
വൗച്ചർ നമ്പർ/ തീയതി	42300167/17.05.2023

മേൽ പദ്ധതി പരിശോധിച്ചതിൽ കായിക പരിശീലനത്തിനായി ടെയിനർക്ക് 27,000 രൂപ നൽകിയതായി കാണുന്നു. മേൽ ചെലവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1. കായിക പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പേരുവിവരം, ഹാജർ എന്നിവ സ്കൂളുകൾ വേർതിരിച്ച്.

2. ഏതൊക്കെ കാലയളവിലാണ് കായിക പരിശീലനം പരിശീലിപ്പിച്ചത് എന്നതിന്റെ വിവരവും ടെയിനർക്ക് വേതനം നൽകിയതിന്റെ മാനദണ്ഡവും.

3. പരിശീലനം നൽകുന്നതിന് ടെയിനറെ ചുമതലപ്പെടുത്തിയതിന്റെ പഞ്ചായത്ത് ഭരണസമിതി തീരുമാനം.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (31/29.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കുട്ടികളുടെ ഹാജർ, കായിക പരിശീലനത്തിന്റെ കാലയളവ്, ടെയിനർക്ക് വേതനം നൽകിയതിന്റെ മാനദണ്ഡം, പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 27,000 രൂപ തടസ്സപ്പെടുത്തുന്നു.

1–25 ആർ.ആർ.എഫ് കെയർ ടേക്കർ വേതനം–അപാകതകൾ

പ്രൊജക്ട് നമ്പർ 245/24

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

ആർ.ആർ.എഫ് കെയർ ടേക്കർ വേതനം.

അടങ്കൽ - 162000 (വികസന ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് - 14,850 42300507/25-08-2023

ചെലവ് - 14,175 42300709/07-10-2023

ചെലവ് - 16,200 42300710/07-10-2023

ചെലവ് - 16,875 42300851/13-11-2023

ചെലവ് - 17,550 42300974/18-12-2023

ചെലവ് - 16200 42301086/12-01-2024

ചെലവ് - 17550 42301203/12-02-2024

ചെലവ് - 17550 42301203/12-02-2024

ആകെ - 130950

പ്രൊജക്ടിന്റെ ബില്ലുകൾ പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞ ആകെത്തുകയുമായി പൊരുത്തപ്പെടുന്നില്ല. ബില്ലുകളുടെ വിവരം തീയ്യതി എന്നിവ താഴെച്ചേർക്കുന്നു.

മാസം	തീയ്യതി	തുക
ജൂലൈ	14.08.23	14850
ഓഗസ്റ്റ്	05.10.23	14175
സെപ്റ്റംബർ	05.10.23	16700
ഒക്ടോബർ	09.11.23	16875
നവംബർ	15.12.23	62100
ഡിസംബർ	15.12.23	17550
ജനുവരി	10.01.24	16200
ആകെ		158450

ശ്രീമതി സ്നേഹ. പി. വി. എന്നവർക്കാണ് മേൽപ്പറഞ്ഞതു പ്രകാരം തുക നൽകിയിട്ടുള്ളത്. സ.ഉ(പി)നം.29/2021/ധന. തീയതി, തിരുവനന്തപുരം 11.02.2021 ഉത്തരവു പ്രകാരമാണ് തുക നൽകിയിട്ടുള്ളത്. പ്രതിദിന വേതനം 675 രൂപയും പരമാവധി 18225 രൂപയുമാണ് നൽകാവുന്നത്. എന്നാൽ ചെലവിനനുബന്ധമായി മസ്റ്റർ റോൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി കൃത്യമായി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നം.17/28.10.24). ചെലവിനനുസൃതമായ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-26 ഡെപ്പോസിറ്റ് വർക്കിന് കെ.എസ്.ഇ.ബി.ക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2023-24 വർഷം കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് വർക്കിന് തുക മുൻകൂറായി കൈമാറിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (₹)	വൗച്ചർ നമ്പർ/ തീയതി	റിമാർക്സ്
237/24- വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ	1641996 (1000000- വികസന	42300396/ 24.3.24-303690, 42300397/	₹303690- അസിസ്റ്റന്റ് എഞ്ചിനീയർ,

	വലിക്കൽ	ഫണ്ട്- ജനറൽ, 641996- തനത് ഫണ്ട്)	24.7.23-338306, 42301585/ 10.7.23-1000000	കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ പുന്നംപറമ്പ്, ₹338306- ഇലക്ട്രിക്കൽ സെക്ഷൻ മുളങ്കുന്നത്ത്കാവ്, ₹235129- ഇലക്ട്രിക്കൽ സെക്ഷൻ വടക്കാഞ്ചേരി, ₹764871- ഇലക്ട്രിക്കൽ സെക്ഷൻ പുന്നംപറമ്പ്-
	70/24- പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	347321 (വികസന ഫണ്ട്- എസ്.സി.പി)	42301672/6.11.23	അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, വടക്കാഞ്ചേരി
	71/24- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ 2023-24	195681 (CFC)	42300577/7.9.23-60000, 42300580/7.9.23-60000, 42300613/16.9.23-60000, 42300614/16.9.23-8086, 42300814/4.11.23-7595	60000, 60000, 60000, 8086, അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ,

			കെ.എസ്.ഇ.ബി, വടക്കാഞ്ചേരി 7595- അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, പുന്നംപറമ്പ്
276/24- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ രണ്ടാം ഘട്ടം	128049 (CFC)	42301174/7.2.24-23244, 42301216/14.2.24-26736, 42301320/11.3.24-52666, 42301380/20.3.24-5805, 42301389/21.3.24-19598	52666 (11667- അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി വടക്കാഞ്ചേരി സെക്ഷൻ + 40999- പുന്നംപറമ്പ് സെക്ഷൻ) അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി 5805- വടക്കാഞ്ചേരി (23244+26736+ 19598 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്.)

(പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/28.10.2024) മറുപടി ലഭ്യമാക്കിയില്ല.). കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് വർക്കിന് മുൻകൂർ നൽകിയ തുകയുടെ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1–27 ഐ.കെ.എം. ന് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന് കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	ഫണ്ട്	അടങ്കൽ	ചെലവ്	വൗച്ചർ നമ്പർ/ തീയതി-തുക
2/24 IKM വിഹിതം അടവാക്കൽ	വികസന ഫണ്ട്(ജനറൽ)	385505	385505	42301505/8.5.24-₹275002, 42301612/10.8.23-₹110503
322/24, IKM മെമ്പർഷിപ്പ് ഫീസ്	വികസന ഫണ്ട്(ജനറൽ)	900000	900000	42301881/25.3.24-₹900000

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/28.10.2024) മറുപടി ലഭ്യമാക്കിയില്ല.
വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം.ൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1–28 മച്ചാട് കാർണിവെലിന് നൽകിയ തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല

പ്രൊജക്ട് നമ്പർ, പേര്	273/24, മച്ചാട് കാർണിവെൽ
അടങ്കൽ	₹500000 (തനത് ഫണ്ട്)
ചെലവ്	₹2,00,000 (തനത് ഫണ്ട്) {വൗച്ചർ നമ്പർ 42301236/20.2.24-₹150000, 42301244/21.2.24-₹50000}
നിർവഹണം	സെക്രട്ടറി

തെക്കുകര ഗ്രാമപഞ്ചായത്തിലെ പ്രധാന ഉത്സവമായ മച്ചാട് മാമാങ്കത്തോടനുബന്ധിച്ച് വ്യവസായ വകുപ്പുമായി സഹകരിച്ച് പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യം വെച്ചത്. ആയതിനോടനുബന്ധിച്ച് സർക്കാർ അനുമതിയുടെ {സ.ഉ.(സാധാ)നം.395/2024/LSGD, തീയതി 17.02.2024} അടിസ്ഥാനത്തിൽ മച്ചാട് മാമാങ്കം പ്രദർശന വിപണന മേളയുടെ ചെയർമാനായ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും കൺവീനറായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ജോയിന്റ് അക്കൗണ്ടിലേക്ക് (A/C No.41596220409, SBI) 200000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ തുക ക്രമീകരിക്കുന്നതിനാവശ്യമായ രേഖകൾ (വൗച്ചറുകൾ, കാഷ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക്) പരിശോധനയക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും (ഓഡിറ്റ് എൻക്വയറി നം.19/28.10.2024) ആയത് ലഭ്യമാക്കിയില്ല.
മുൻകൂർ നൽകിയ 200000 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.
ചെലവ് രേഖകൾ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1–29 വിവിധ പദ്ധതികളുടെ ഡി പി ആർ തയ്യാറാക്കൽ– മുഴുവൻ ചെലവ് രേഖകളും പരിശോധനയ്ക്ക്

ലഭ്യമായില്ല

പ്രൊജക്ട് നമ്പർ, പേര്	184/24, വിവിധ പദ്ധതികളുടെ ഡി പി ആർ തയ്യാറാക്കൽ- എഞ്ചിനീയറിംഗ് കോളേജിന് തുക നൽകൽ (സ്പിൽ ഓവർ)
അടങ്കൽ	₹200000 (തനത് ഫണ്ട്)
ചെലവ്	₹2,00,000 (തനത് ഫണ്ട്) (വൗച്ചർ നമ്പർ 4230143/9.5.23)
നിർവഹണം	സെക്രട്ടറി

താഴെ പറയുന്ന പദ്ധതികളുടെ ഡി പി ആർ തയ്യാറാക്കുന്നതിന് President, Continuing Education Centre, Govt Engineering College, Thrissur ന് 200000 രൂപ (A/C No. 57042249853, SBI) മുൻകൂർ അനുവദിച്ചിട്ടുണ്ട്.

Sl No.	Work	Proforma Invoice No.& Date	Amount
1	Renovation Of Vazhani Park And Vazhani Garden At Thekkumkara- DPR Preparation	PI/23-3/08 & 25.11.22	147500
2	Renovation Of Punnamparabu Ground At Thekkumkara- DPR Preparation	PI/23-3/09 & 25.11.22	59000

എന്നാൽ ഒറിജിനൽ ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമായില്ല. കൂടാതെ പുന്നംപറമ്പ് ഗ്രൗണ്ട് നവീകരണത്തിന്റെ ഡി പി ആർ-പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/28.10.24) മറുപടി ലഭ്യമാക്കിയില്ല.
മുൻകൂർ നൽകിയ 200000 രൂപയുടെ വൗച്ചറുകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

1-30 സമഗ്ര ആരോഗ്യ പദ്ധതി – കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല

പ്രൊജക്ട് നമ്പർ, പേര്	133/24, സമഗ്ര ആരോഗ്യ പദ്ധതി 2023-24
അടങ്കൽ	₹510000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം-500000, തനത് ഫണ്ട്-10000)
ചെലവ്	₹293336 (മെയിന്റനൻസ് ഫണ്ട് - റോഡിതരം-283336, തനത് ഫണ്ട്-10000)
നിർവഹണം	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

സമഗ്ര ആരോഗ്യ പദ്ധതി 2023-24 പ്രകാരം ₹293336 ചെലവഴിച്ചതിൽ ₹49901 രൂപ (പ്രൊഫോർമ ഇൻവോയിസ് നം. PRF-269/03.06.2023) മരുന്ന് ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ-ന്റെ അക്കൗണ്ടിലേക്ക് (നം.36240018000000019, പി.എൻ.ബി) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും കെ.എം.സി.എല്ലിൽ നിന്നും 43669 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത് (ഇൻവോയിസ് നം.16802/22.08.2023-₹12730, 5430/14.05.2024-₹29137, 20469/04.07.2024-₹1802). ബാക്കി 6232 രൂപയ്ക്കുള്ള മരുന്ന് നാളിതുവരെയും ലഭ്യമായിട്ടില്ല.

മരുന്നുകൾ മുഴുവനും ലഭ്യമാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/28.10.2024) മറുപടിയായി ബാക്കിയുള്ള മരുന്നുകൾ ലഭിക്കുന്നതിന് കത്ത്

നൽകിയിട്ടുണ്ട് എന്നറിയിച്ചു.
ആകയാൽ മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും വിവരം അറിയിക്കേണ്ടതാണ്.

1–31 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി – മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

പ്രൊജക്ട് നമ്പർ, പേര്	134/24, **പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി** 2023-24
അടങ്കൽ	₹1150000 (വികസന ഫണ്ട്-ജനറൽ-900000, തനത് ഫണ്ട്-250000)
ചെലവ്	₹983206 (വികസന ഫണ്ട്-ജനറൽ-900000, തനത് ഫണ്ട്-83206)
നിർവഹണം	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി 2023-24 പ്രകാരം ₹983206 ചെലവഴിച്ചതിൽ ₹255206 മരുന്ന് ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ-ന്റെ അക്കൗണ്ടിലേക്ക് (നം.36240018000000019, പി.എൻ.ബി) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ കെ.എം.സി.എല്ലിൽ നിന്നും 74108 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെ.എം.സി.എല്ലിന് നൽകിയ തുക (₹)	ലഭിച്ച മരുന്നിന്റെ വില (₹)	ഇൻവോയിസ് നമ്പർ/ തീയതി	ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ തുക (₹)
1	172000 [PRF4147/16.2.24] Vr. No. 42301885/25.3.24	55110	47005/03.09.2024-₹24061, 50996/15.10.2024-₹31049	116890
2	83206 [PRF4033/14.2.24] Vr. No. 42301325/11.3.24	18998	37144/09.08.2024-₹18786, 45743/30.08.2024-₹212	64208
ആകെ	255206	74108		181098

മരുന്നുകൾ ലഭ്യമാകാത്തത് സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് (നം.23/28.10.2024) മറുപടിയായി ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.സ്.സി.എൽ ന് കത്ത് അയച്ചതായി അറിയിച്ചിട്ടുണ്ട്. മുൻകൂർ നൽകിയ തുകയ്ക്കുള്ള മരുന്നുകൾ മുഴുവനും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1–32 അഗതി–ആശ്രയ വിനിയോഗ രേഖ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ 107/24
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അഗതിരഹിത കേരളം ആശ്രയ പദ്ധതി 23-24

അടങ്കൽ - 100000 (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് - 100000 42301783/16-01-2024

മേൽപ്പറഞ്ഞ പ്രൊജക്ടിന് തെക്കുംകര ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത് (എസ്.ബി.ഐ അക്കൗണ്ട് നം.67057898363). തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നമ്പർ 1/26.10.24 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

1–33 എസ്.സി പഠന മുറി ആരംഭവാല്വേഷൻ നടത്തിയിട്ടില്ല

പ്രോജക്ട് – 104/24
പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 600000 (വികസന ഫണ്ട് എസ്.സി.പി)

ചെലവ് - 60000 42301751/28-12-2023

മേൽപ്പറഞ്ഞ പ്രകാരം അനുസ്യൂത നന്ദ സി. വി., ചെമ്പത്ത് ഹൗസ്, മങ്കര, ഏങ്കക്കാട്, നവീൻ ടി. എസ്., തടത്തിൽ ഹൗസ്, കരുമത്ര എന്നീ വിദ്യാർത്ഥികൾക്കാണ് പഠനമുറി പണിയുന്നതിന് തുക നൽകിയിട്ടുള്ളത്. സ.ഉ(സാ.ധാ)നം.1877/2023/LSGD തീയ്യതി 21.09.23 ഉത്തരവു പ്രകാരമുള്ള, ആരംഭഘട്ടത്തിലെ വാല്വേഷൻ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/26.10.24)ക്ക് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1–34 ബാലസഭ–അപാകതകൾ

പ്രൊജക്ട് നമ്പർ 106/24

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി
ബാലസഭ 2023-24

അടങ്കൽ - 18000 (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് - 18000 42301782/16-01-2024

മേൽപ്പറഞ്ഞ പ്രൊജക്ടിന് തെക്കുംകര ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിന്റെ അക്കൗണ്ടിലേക്കാണ് (എസ്.ബി.ഐ അക്കൗണ്ട് നം.67052717565) തുക നൽകിയിട്ടുള്ളത്. 29.12.23 ൽ കുട്ടികൾക്കായി ഫാബ്രിക് പെയിന്റിംഗ് പരിശീലനം നൽകുന്നതിനും ഭക്ഷണചെലവുകൾക്കുമായിട്ടാണ് മേൽതുക നൽകിയിട്ടുള്ളത്.

വിവിധ ബാലസഭകളിലെ കുട്ടികളുൾപ്പെടെ മറ്റുകുട്ടികളും പങ്കെടുത്തിട്ടുണ്ട്. സ.ഉ(കൈ)നം.115/2022 തീയതി 28.05.2022 ലെ 7.7 പ്രകാരം കലാ-സാംസ്കാരിക-കായിക വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള (ഉപഖണ്ഡിക 7.7.10(ii) പ്രകാരമുള്ള) ബാലസഭ, ലൈബ്രറികളുടെ ബാലവേദി തുടങ്ങിയ കമ്മിറ്റികളുടെ പഞ്ചായത്ത് കമ്മിറ്റിയുണ്ടാക്കി അതിന്റെ കീഴിൽ കലാകായിക മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ നടത്താവുന്നതാണ്. ഇതോടൊപ്പം നാടൻ കലാരൂപങ്ങൾ, മറ്റ് കലാരൂപങ്ങൾ എന്നിവയെയും പ്രോത്സാഹിപ്പിക്കണം. സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.3/26.10.24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1–35 സാനിറ്ററി നാപ്കിൻ ഡിസ്പോയർ വാങ്ങി സ്ഥാപിച്ചത്– അപാകതകൾ

പ്രൊജക്ട് നമ്പർ 264/24
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

സാനിറ്ററി നാപ്കിൻ ഡിസ്പോയർ - മച്ചാട് സ്കൂൾ, കരുമത്ര ടേക്ക് എ ബ്രേക്ക് നിർമല സ്കൂൾ പഞ്ചായത്ത് ഓഫീസ് കെട്ടിടം

ധനകാര്യകമ്മീഷൻ അവാർഡ് - അടങ്കൽ - 56488 രൂപ

ചെലവ് - 56488 രൂപ

വൗച്ചർ നമ്പർ - 22301606 /31.03.24

കേന്ദ്രാവിഷ്കൃത ഫണ്ട് - അടങ്കൽ - 23512 രൂപ

ചെലവ് - 23512 രൂപ

വൗച്ചർ നമ്പർ - 22301074/22.12.23

തനത് ഫണ്ട് - അടങ്കൽ - 100000 രൂപ

ചെലവ് - 100000 രൂപ

വൗച്ചർ നം - 22301074/22-12-23

മേൽപ്പറഞ്ഞ പ്രൊജക്ടിനായി ആർട്കോ, എരഞ്ഞിക്കൽ ബിൽഡിംഗ്, ചെറൂട്ടി റോഡ് എന്ന അംഗീകൃത ഏജൻസിയിൽ നിന്ന് 4 ഇൻസിനേറ്ററുകൾ വാങ്ങി നൽകിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ KKD642/29.02.24). 100 പാഡുകൾ കത്തിക്കുന്നതിന് യൂണിറ്റൊന്നിന് 40254.24 രൂപയും 50 പാഡുകൾ കത്തിക്കുന്നതിന് യൂണിറ്റൊന്നിന് 38153.59 രൂപയും 25 പാഡുകൾ കത്തിക്കുന്നതിന് യൂണിറ്റൊന്നിന് 33898.30 രൂപയും ആണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ആയത് സ്റ്റോക്കിലെടുത്ത് വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ജി.ഓ(ആർ.ടി)നം.3299/2016/ത.സ്വ.ഭ.വ തീയതി 02.02.2016 പ്രകാരം ചില സർക്കാർ/ അർധസർക്കാർ/സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനസാമഗ്രികൾ വാങ്ങുന്നതിന് നൽകിയിട്ടുള്ള സർക്കാർ അനുമതി സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തി. അല്ലാത്തവ നിർബന്ധമായും പരസ്യടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. ജി.ഓ(പി)നം.01/2017/എസ്.പി.ഡി തീയതി 13.03.2017 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ സാധന സാമഗ്രികൾ വിതരണം ചെയ്യുമ്പോൾ, സാധനങ്ങളുടെ വില നിലവിലെ കമ്പോള വിലയിൽ കൂടുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തി നല്കണം. പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണമനുസരിച്ച് അനുയോജ്യമായ കപ്പാസിറ്റിയുള്ള വെന്റിംഗ് മെഷീനും ബേണിംഗ് മെഷീനും സ്ക്കൂളുകളിൽ സ്ഥാപിക്കേണ്ടതാണ്. ഇതിന് സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ മാർഗ്ഗരേഖ അവലംബമാക്കേണ്ടതാണ് (പതിനാലാം പദ്ധതി-സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി 28.05.22 ഖ.7.4.6). മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പു വരുത്തുന്നതിന് പി.റ്റി.എ യുമായി കരാർ വയ്ക്കണം. മെഷീൻ വാങ്ങുന്ന കമ്പനികളുമായി എ.എം.സി കരാർ വയ്ക്കണം. തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് പി.ടി.എ ഏറ്റെടുക്കണം. പി.ടി.എ സ്കൂളുകളിൽ പെൺകുട്ടികൾക്ക് നാപ്കിൻ ലഭ്യമാക്കണം. സുരക്ഷിതമായി സൂക്ഷിക്കുന്നതിന് അലമാരകളും വാങ്ങാവുന്നതാണ്. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.30/29.10.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതു ലഭ്യമാക്കേണ്ടതാണ്.

1–36 കേരളോത്സവം–ചെലവു രേഖകൾ കൃത്യമാക്കി ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നമ്പർ 112/24
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

കേരളോത്സവം 2023-24

അടങ്കൽ - 150000 (തനത് ഫണ്ട്)

ചെലവ് - 150000 (വൗച്ചർ നമ്പർ -42301255/26.02.2024-

130,000 + വൗച്ചർ നമ്പർ -42300769/30.10.23-20,000)

കേരളോത്സവത്തിന്റെ ചെലവുരേഖകൾ, സ്റ്റേറ്റുമെന്റുകൾ എന്നിവ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. ഒപ്പിടാത്തതും പേരില്ലാത്തതുമായ കൈപ്പറ്റു രേഖകൾ ഫയലിൽ അടക്കം ചെയ്തിട്ടുണ്ട്. കേരളോത്സവത്തിന്റെ ഉത്തരവു പ്രകാരമുള്ള കലണ്ടർ പ്രകാരം പദ്ധതി നടത്തി ചാംപ്യൻഷിപ്പ് നിർണ്ണയിച്ച് പഞ്ചായത്ത് തലത്തിൽ ടീം രൂപീകരിച്ച് മറ്റു തലങ്ങളിൽ മത്സരത്തിനയച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.21/28.10.24). ആയതു വരെ ബന്ധപ്പെട്ട തുക 150000 രൂപ തടസ്സപ്പെടുത്തുന്നു.

1–37 മെയിന്റനൻസ് ഫണ്ട് സ്ഥിര ആസ്തികൾ നിർമ്മിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരം മെയിന്റനൻസ് ഗ്രാന്റ്-റോഡ് തുക ഉപയോഗിച്ച് സ്ഥിര ആസ്തി നിർമ്മിച്ചതായി കാണുന്നു. (B-4/ 312100301/ Amount- 14,19,668). സ.ഉ(കൈ) 90/2023/LSGD/9.4.23 സർക്കാർ ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) സ്ഥിര ആസ്തി നിർമ്മിക്കാൻ പാടില്ല എന്നിരിക്കെ ഗ്രാന്റ് തുക വകമാറ്റി ചെലവഴിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.26/29.10.24). ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1–38 ചെലവ് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല

ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി കായിക പരിശീലനം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ	231/24, കായിക പരിശീലനം (Spill Over)
അടങ്കൽ	87,950- (വികസന ഫണ്ട് -37,950 തനത് ഫണ്ട്- 50,000)
ചെലവ്	46,860
വൗച്ചർ നം/ തിയതി	42300167/17.05.2023

മേൽ പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും 46,860 രൂപ ചിലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/29.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ ചെലവുകളും സുലേഖാ പത്രികയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1–39 ഡെപ്പോസിറ്റ് പ്രവൃത്തികൾ ദീർഘകാലമായി പൂർത്തീകരിക്കാതെ നിലനിൽക്കുന്നു

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.84/22/തസ്വഭവ തീയതി 19.04.22 ഖണ്ഡിക 12-1 (ഡി)- പ്രകാരം കേരള ജല അതോറിട്ടി, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകണ്ടതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയുന്ന തുകകൾ ഡെപ്പോസിറ്റ് പ്രവൃത്തിക്കായി നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

ക്രമ നമ്പർ	ഡെപ്പോസിറ്റ് നൽകിയ സ്ഥാപനം	തുക
1	കേരള ജല അതോറിറ്റി	59,08,575.00
2	കേരള സംസ്ഥാന വൈദ്യുതി ബോർഡ്	41,26,664.00
	ആകെ	1,00,35,239.00

